(ബി) എങ്കിൽ ആയതിന് വ്യാപാര പങ്കാളി എന്ന നിലയിൽ മിൽമയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) മിൽമ സ്വകാര്യവൽക്കരിക്കാനുള്ള പരോക്ഷമായ മാർഗ്ഗമാണിതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്ത മാക്കുമോ;

(ഇ) മിൽമാ ഫുഡ്സിലെ 51 ശതമാനം ഓഹരികൾ മിൽമയുടെ അനുവാദം കൂടാതെ ഈ ഹോൾഡിംഗ് കമ്പനിയിലേക്ക് മാറ്റിയിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) ഇതുസംബന്ധിച്ച ആധികാരികമായ വിവരമൊന്നും സർക്കാരിനില്ല.

(സി—ഇ) സഹകരണ സ്ഥാപനമായി രജിസ്റ്റർ ചെയ്തിട്ടുള്ള മിൽമ സ്വകാര്യവത്ക്കരിക്കാൻ കഴിയില്ല. ഇതുസംബന്ധിച്ച് ആധികാരികമായ വിവര മൊന്നും ലഭ്യമല്ല.

സംയോജിത സഹകരണ വികസന പദ്ധതി പ്രകാരമുള്ള സഹായം

112 [2081] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരും ദേശീയ സഹകരണ വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന സംയോജിത സഹകരണ വികസന പദ്ധതി പ്രകാരമുള്ള സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സഹായം നിലവിലുള്ള ചട്ടങ്ങളുടെ അപര്യാപ്തതമൂലം ക്ഷീര സഹകരണ സംഘങ്ങൾക്ക് ലഭിക്കാതിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സഹായം ക്ഷീര സംഘങ്ങൾക്ക് ലഭിക്കുന്നതിന് ഉതകുന്ന രീതിയിൽ സർക്കാർ ഓഹരി വാങ്ങുന്നതിന് നിലവിലുള്ള പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാര്യം പരിശോധിച്ചുവരികയാണ്.

ക്ഷീര കർഷകർക്കുള്ള വേനൽക്കാല ഇൻസെന്റീവ്

113 [2082] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച മിൽമാ ഫുഡ്സ് എന്ന കമ്പനി നിലവിൽ വന്നതിനുശേഷം മിൽമയുടെ മേഖലാ യൂണിനു കൾ നഷ്ടത്തിലായിട്ടുണ്ടോ എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേഖലാ യൂണിയനുകൾ നഷ്ടത്തിലായതിനാൽ ക്ഷീര കർഷകർക്ക് നൽകിവന്നിരുന്ന വേനൽക്കാല ഇൻസെന്റീവ് ഈ വർഷം നൽകുവാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ 2002-2003, 2003-2004 സാമ്പത്തിക വർഷത്തിൽ ഇവർക്ക് നൽകിയ വേനൽക്കാല ഇൻസെന്റീവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മേഖലാ യൂണിയന് 117.07 ലക്ഷം രൂപയും എറണാകുളം മേഖലാ യൂണിയന് 95 ലക്ഷം രൂപയും, മലബാർ മേഖലാ യൂണിയന് 70.42 ലക്ഷം രൂപയും നഷ്ടം ഉണ്ടായിട്ടുണ്ട്.

(സി ആന്റ് ഡി) തിരുവനന്തപുരം മേഖലാ യൂണിയൻ ഒഴികെ മറ്റ് രണ്ട് മേഖലാ യൂണിയനുകളും 2003-2004 വർഷം വേനൽക്കാല ഇൻസെന്റീവ് നൽകിയിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ 2002-2003 വർഷം 50.93 ലക്ഷം രൂപ ഇൻസെന്റീവായി നൽകിയിട്ടുണ്ട്. എറണാകുളം മേഖലാ യൂണിയൻ 2002-2003 വർഷം 38.55 ലക്ഷം രൂപയും, 2003-2004 വർഷം 78.88 ലക്ഷം രൂപയും ഇൻസെന്റീവായി നൽകിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ 2002-2003 വർഷം 293.94 ലക്ഷം രൂപയും 2003-2004 വർഷം 66.79 ലക്ഷം രൂപയും ഇൻസെന്റീവായി നൽകിയിട്ടുണ്ട്.

ക്ഷീര സഹകരണ സംഘം ഇൻസ്പെക്ടർമാരുടെ നിയമനം

114 [2083] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വകുപ്പിലേക്ക് മാറ്റി നിയമിച്ച ക്ഷീര സഹകരണ സംഘം ഇൻസ്പെക്ടർമാരെ ഇപ്പോൾ സഹകരണ വകുപ്പിലേക്ക് തിരിച്ചയയ്ക്കുന്ന സാഹചര്യത്തിൽ ഇതേ ജോലികൾ നിർവ്വഹിക്കുന്നതിനായി ക്ഷീര വികസന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ നിയമിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) ക്ഷീര സഹകരണ സംഘങ്ങളിലെ ഇൻസ്പെക്ടർമാരായി ജോലി ചെയ്യുന്നതിനായി സർക്കാർ തന്നെ വിദ്യാഭ്യാസവും പരിശീലനവും നൽകിയ എത്ര മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ ഉണ്ടെന്ന് വിശദമാക്കുമോ;

(സി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ക്ഷീരസഹകരണ സംഘങ്ങളിലെ ഇൻസ്പെക്ടർമാരായി നിയമിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതി എന്തെങ്കിലും വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly